# ലോഗോസ് പഠനസഹായി 2023

## ജോഷ്വ

ഇസ്രായേൽ ജനം വാഗ്ദത്തഭൂമിയിൽ പ്രവേശിക്കാനുള്ള സമയമായി. നാൽപ്പതുവർഷം മുമ്പ് ഈജിപ്ത് വിട്ടവരിൽ കാലെബും ജോഷ്വയും ഒഴിച്ചുള്ളവർ വിജനപ്രദേശങ്ങളിൽ വച്ച് മരണമടഞ്ഞു. വിജനപ്രദേശങ്ങളിലൂടെയുള്ള ഈ യാത്രയിൽ ഒരു പുതിയ തലമുറ രൂപം കൊണ്ടു. അനുഷ്ഠിക്കേണ്ട നിയമങ്ങളെക്കുറിച്ചും ബലികളെക്കുറിച്ചുമെല്ലാം മരിക്കുന്നതിനുമുമ്പ് മോശ നിർദ്ദേശങ്ങൾ നൽകിയിരുന്നു. വാഗ്ദത്തഭൂമിയിലേക്ക് ജനത്തെനയിക്കേണ്ട ദൗത്യം ജോഷ്വ ഏറ്റെടുത്തു. വാഗ്ദത്തഭൂമിയിലേക്കു ദൈവജനത്തെ പ്രവേശിപ്പിക്കുന്നതിനോ അവിടെ കാലുകുത്തുന്നതിനോ ദൈവം മോശയെയും അനുവദിച്ചില്ല. ദൂരെനിന്നു ദേശം നോക്കിക്കാണാൻ മാത്രമേ അദ്ദേഹത്തിനു സാധിച്ചുള്ളു. എന്നാൽ വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവം വാഗ്ദത്തഭൂമി ഇസ്രായേൽജനത്തിനു നൽകുകതന്നെ ചെയ്തു. മോശയുടെ പിൻഗാമിയായി ദൈവം തിരഞ്ഞെടുത്തത് ജോഷ്വയെയാണ്. കാനാൻദേശം കൈയടക്കുക, അത് ഇസ്രായേൽ ഗോത്രങ്ങൾക്കു ഭാഗിച്ചു കൊടുക്കുക എന്നീ ശ്രമകരമായ രണ്ടു ദൗത്യങ്ങളാണ് ജോഷ്വ നിർവഹിക്കേണ്ടിയിരുന്നത്. ഈ ദൗത്യനിർവഹണത്തിൻെറ ചരിത്രമാണ് ജോഷ്വയുടെ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നത്. ഇസ്രായേൽ ജനത്തിന്റെ ചരിത്രം ക്രോഡീകരിക്കുകയെന്ന ലക്ഷ്യത്തോടോയാണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടിട്ടുള്ളത്. തീർച്ചയായും പിന്നീട് വന്ന തലമുറകളും നിയമാവർത്തന ഗ്രന്ഥകാരന്മാരും ഈ ഗ്രന്ഥം എഡിറ്റ് ചെയ്തിരിക്കാം.

വാഗ്ദത്തഭൂമി കരസ്ഥമാക്കാൻ ഇസ്രായേൽ ജനത്തെ നയിച്ച ജോഷ്വയുടെ പേരിലാണ് ഗ്രന്ഥം അറിയപ്പെടുന്നത്. മോശയുടെ പിൻഗാമിയാകാനുള്ള തന്റെ യോഗ്യത ധീരതയിലൂടെ ജോഷ്വ പ്രകടമാക്കി. കാനാൻദേശം ഒറ്റുനോക്കാൻ മോശ അയച്ചവരിൽ ജോഷ്വയും കാലെബും മാത്രമേ അവസരത്തിനൊത്തുയർന്നുള്ളു. വാഗ്ദത്തനാട്ടിൽ പ്രവേശിച്ചതിന്റെയും വിവിധ ഗോത്രങ്ങൾക്കു വാഗ്ദത്തഭൂമി ഭാഗിച്ചു കൊടുത്തതിന്റെയും ഇസ്രായേൽജനം അവിടെ താമസമുറപ്പിച്ചതിന്റെയും കഥയാണ് 'ജോഷ്വ'എന്ന ഗ്രന്ഥത്തിലുള്ളത്. മോശയുടെ മരണം മുതൽ ജോഷ്വയുടെ മരണം വരെയുള്ള സംഭവങ്ങളാണ് ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. ജോഷ്വയുടെ യഥാർത്ഥനാമം പരിത്രാണമെന്ന് (രക്ഷ) അർത്ഥം വരുന്ന ഹോഷെയാ (സംഖ്യ 13:8; നിയമാ 32:44) എന്നാണ്. വിജനപ്രദേശങ്ങളിൽ ചുറ്റിത്തിരിയവേ, മോശ അവന്റെ പേരുമാറ്റി. 'യാഹ്‌വെയാണ് പരിത്രാണം' എന്നർത്ഥം വരുന്ന യഹോഷുആ (ജോഷ്വ) എന്നായിരുന്നു ആ പേരുമാറ്റം (സംഖ്യ 13:16). നൂനിന്റെ പുത്രനായ ജോഷ്വ എന്നാണ് അറിയപ്പെടുന്നത്. ആ പേരാണ് ആധുനികഭാഷകളിൽ ജോഷ്വ എന്ന് വിവർത്തനം ചെയ്യുന്നത് (സംഖ്യ 13:16). ഇസ്രായേലിന്റെ യഥാർഥരക്ഷകൻ യാഹ്‌വേയാണ് എന്ന് ദ്യോതിപ്പിക്കുന്നപേരാണ് യഹോഷുആ എന്നത്. ഗ്രീക്ക് ഭാഷയിലേക്ക് ഈ പുസ്തകം വിവർത്തനം ചെയ്തവർ യഹോഷുആ എന്നപേര് യേസൂസ് എന്നാണ് വിവർത്തനം ചെയതത്. പുതിയനിയമത്തിൽ രക്ഷകനായി അവതരിച്ച ദൈവപുത്രനെവിളിക്കുന്നപേരും യേസൂസ് എന്നാണ്. സുറിയാനി വിവർത്തനത്തിലും അറമായ ഭാഷയിലും ഈശോ എന്നാണ് ജോഷ്വാ എന്ന പേര് വിവർത്തനം ചെയ്തിരിക്കുന്നത്

### ഗ്രന്ഥകാരൻ

യഹൂദരുടെ താൽമുദിൽ പറയുന്നത് ജോഷ്വ തന്നെയാണ് ഗ്രന്ഥം രചിച്ചിട്ടുള്ളതെന്നാണ്. അവസാനഭാഗങ്ങൾ മുഖ്യപുരോഹിതനായ എലെയാസറാണ് രചിച്ചത്. സമാപ്തഭാഗമാകട്ടെ, എലെയാസറിന്റെ മകനും പിൻഗാമിയുമായ മുഖ്യപുരോഹിതനായ ഫിനെഹാസാണ് രചിച്ചത്. (ജോഷ്വ 24, 32-33). ആധുനിക കാലത്തെ പഠനങ്ങൾ അനുസരിച്ച്, എഴുതപ്പെട്ടിരുന്ന രേഖകളും വായ്മൊഴിയായി കൈമാറിയിരുന്നതുമായ പാരമ്പര്യങ്ങളും ശേഖരിച്ച് ബി.സി. ആറാംനൂറ്റാണ്ടിൽ നിയമാവർത്തനാ ചരിത്രകാരന്മാരാണ് ഗ്രന്ഥകാരൻ ജോഷ്വയുടെ ഗ്രന്ഥത്തിന് അന്തിമരൂപം നൽകിയത്.

## ലക്ഷ്യവും പ്രമേയവും

ദൈവം തന്നെ വാഗ്ദാനം നിറവേറ്റുമെന്ന് ഈ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. ആദർശപരമായ ഇസ്രായേലിനെയും അതിന്റെ നേതൃത്വത്തെയും 'ജോഷ്വ' വരച്ചുകാട്ടുന്നു. ആശയറ്റ ജനത്തിനു പ്രത്യാശ നൽകുകയും ദൈവത്തിൻെറ വിശ്വസ്തത അവരെ ബോധ്യപ്പെടുത്തുകയുമാണ് ഗ്രന്ഥകാരൻെറ ലക്ഷ്യം.

വാഗ്ദത്ത ഭൂമി വീണ്ടെടുക്കാൻ കർത്താവിന്റെ നിർദ്ദേശമനുസരിച്ച് എങ്ങനെയാണ് ഇസ്രായേൽ ജനം വാഗ്ദത്തനാട്ടിൽ താമസമുറപ്പിച്ചതെന്ന് ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നു. കർത്താവിനെ അനുസരിച്ചില്ലെങ്കിൽ അവർക്കു വാഗ്ദത്തഭൂമി നഷ്ടപ്പെടുമായിരുന്നു. ജോഷ്വ എന്ന ഗ്രന്ഥത്തിലെ വിവരണത്തിൽ അബ്രഹാമിനു കർത്താവ് നൽകിയ വാഗ്ദാനം പാലിക്കപ്പെട്ടതിനെക്കുറിച്ചുള്ള ചിത്രീകരണമാണുള്ളത്. വാഗ്ദത്തഭൂമി അവന്റെ സന്തതി പരമ്പരകൾക്കു നൽകുമെന്നു ഉത്പ. 12, 7; 15,7 എന്നീ വാക്യങ്ങളിലും അബ്രാമിനെ വലിയൊരു ജനതയാക്കുമെന്നു ഉത്പ. 12, 2-ലും പറയുന്നത് പൂർത്തിയാകുന്നത്. 'ജോഷ്വ'യിലാണ് ഇസ്രായേൽ ജനതയുടെ ഈജിപ്തിൽ നിന്നുള്ള മോചനം സമ്പൂർണ്ണമാകുന്നത്.

ബാബിലോണിയൻ പ്രവാസകാലത്ത് ഇസ്രയേൽ ജനതയ്ക്ക് പ്രത്യാശ നൽകുകയെന്നതാകാം ജോഷ്വ എന്ന ഗ്രന്ഥം രചിച്ചവരുടെ ലക്ഷ്യമെന്നു കരുതാവുന്നതാണ്. അവർക്കു പിന്തുടർച്ചാവകാശമായി ലഭിച്ച വാഗ്ദത്തഭൂമി ജോഷ്വയുടെ നേതൃത്വത്തിൽ വീണ്ടെടുത്തത് ബാബിലോണിയൻ പ്രവാസകാലത്ത് ഇസ്രായേൽ ജനതയ്ക്ക് അവരുടെ ദേശം അവർക്ക് വീണ്ടെടുക്കാനാകുമെന്ന ഓർമ്മപ്പെടുത്തലായി മാറുന്നു. ഇസ്രായേലിനോടു ദൈവം പ്രകടിപ്പിച്ച വിശ്വസ്തതയെക്കുറിച്ച് ഈ ഗ്രന്ഥം സാക്ഷ്യം നൽകുന്നു. (കാണുക. ഉത്പ. 15:18, ജോഷ്വ 1:26-6, 21:43-45) വാഗ്ദത്തഭൂമിയുടെ അവകാശം കരഗതമാകുന്നത് ദൈവത്തിന്റെ വിശ്വസ്തതയാണെങ്കിൽ, ആ ദേശത്ത് വസിക്കേണ്ടതിന് ഇസ്രായേൽ ദൈവത്തോടു വിശ്വസ്തർ ആയിരിക്കേണ്ടിയിരുന്നു. (കാണുക: നിയ. 30:20) ഭാവിയിൽ ദേശം പിന്തുടർച്ചാവകാശമായി സ്വന്തമാക്കുകയെന്നത്, പുതിയനിയമത്തിലാകട്ടെ, രക്ഷാകരകർമ്മത്തിലൂടെ ആത്മീയ അനുഗ്രഹങ്ങൾ പ്രാപിക്കുകയെന്നതിനുള്ള പദപ്രയോഗമായും മാറി.

## ഗ്രന്ഥത്തിന്റെ ഘടന

ജോഷ്വ എന്ന ഗ്രന്ഥം പ്രാഥമികമായും മൂന്ന് ഭാഗങ്ങളായാണ് വിഭജിച്ചിട്ടുള്ളത്. വാഗദത്തഭൂമിയിൽ പ്രവേശിക്കുന്നു, വാഗ്ദത്തഭൂമി കീഴടക്കുന്നു, വാഗ്ദത്തഭൂമി വിഭജിച്ചുനൽകുന്നു, ജോഷ്വയുടെ യാത്രാ വചനങ്ങളും, ഗ്രന്ഥത്തിന്റെ സമാപ്തവാക്യങ്ങളും, ജോഷ്വയുടെ മരണവേളയുടെ ചിത്രീകരണവും.

1. **ദേശം ഭാഗിച്ചു നൽകുന്നു. (അധ്യാ. 13-22)**

അധ്യാ. 13-19 ഗോത്രങ്ങൾക്കു ഭൂമി വീതിച്ചു നൽകുന്നു.

അധ്യാ. 20-21 അഭയനഗരങ്ങളും ലേവ്യരുടെ പട്ടണങ്ങളും

അധ്യാ. 22 ജോർദ്ദാനപ്പുറമുള്ള ഗോത്രങ്ങൾ മടങ്ങിവരുന്നു.

2. **സമാപനം (അധ്യാ. 23-24)**

അധ്യാ. 23 ജോഷ്വയുടെ വിടവാങ്ങൽ പ്രഭാഷണം

അധ്യാ. 24 ഷെക്കെമിലെ ഉടമ്പടി നവീകരണം

## ജോഷ്വയുടെ ആദ്യകാലചരിത്രം

1. ബാലനായിരുന്നപ്പോൾ തന്നെ ജോഷ്വ മോശയുടെ ശുശ്രൂഷകനായി ഒപ്പമുണ്ടായിരുന്നു. ഇസ്രായേൽസേനയുടെ സൈന്യാധിപനുമായിരുന്നു (സംഖ്യ 11:28, പുറ. 17:9-10).

2. സീനായ് മലയിൽ മോശ ദൈവത്തോടൊപ്പമായിരുന്നു നാൽപ്പതുദിവസവും ജോഷ മലയുടെ ഓരത്ത് കാത്തുനിന്നിരുന്നു (പുറ. 32:33).

3. ദൈവം വസിച്ചിരുന്ന പേടകം സൂക്ഷിച്ചിരുന്ന സമാഗമകൂടാരത്തിനു പുറത്ത് ജോഷ കാവൽ നിന്നിരുന്നു.

4. യാക്കോബ് - ഇസ്രായേലിന്റെ മകനായ ജോസഫിന്റെ പിന്തുടർച്ചക്കാരനാണ് ജോഷ, എഫ്രായിം ഗോത്രക്കാരനായ നൂനിന്റെ മകനായിരുന്ന ജോഷയടക്കം പന്ത്രണ്ടുപേരെയാണ് മോശ വാഗ്ദത്തദേശം ഒറ്റുനോക്കി ഒരു വിവരങ്ങൾ ശേഖരിക്കാനായി അയച്ചത്. (സംഖ്യ 13)

5. 'ഹോഷെയാ' എർത്ഥമുള്ള പേര് (പരിത്രാണം, അഥവാ രക്ഷിക്കപ്പെട്ടവൻ) യഹോഷുअ എന്ന് മോശ മാറ്റി. (യാഹ്വെ രക്ഷിക്കുന്ന എന്നർത്ഥം) സംഖ്യ 13:16

6. യൂദാ ഗോത്രത്തിൽ നിന്നുള്ള കാലെബും എഫ്രായിം ഗോത്രത്തിൽ നിന്നുള്ള ജോഷയും മാത്രമാണ് ദൈവം നൽകിയ വാഗ്ദാനത്തിൽ വിശ്വസിച്ചത്. അവർ തന്നെയാണ് വാഗ്ദത്തദേശം ഇസ്രായേൽ ജനത്തിന് അധിവസിക്കാൻ യോഗ്യമാണെന്നറിയിച്ചത് (സംഖ്യ 14:7-9)

7. പുറപ്പാടിന്റെ കാലത്ത് ജീവിച്ചിരുന്ന കാലെബും ജോഷയും മാത്രമാണ് വാഗ്ദത്തദേശം കാണാൻ ജീവിച്ചിരിക്കുവെന്ന് അവരുടെ വിശ്വാസത്തിന്റെ ദൃഢതകളറിഞ്ഞ കർത്താവ് പ്രഖ്യാപിക്കുന്നു.

8. ദൈവം തെരഞ്ഞെടുത്ത തന്റെ പിൻഗാമി ജോഷയാണെന്നു മോശ പ്രഖ്യാപിച്ചു. (സംഖ്യ 27, 18-22)

9. ജനങ്ങളുടെ നേതാവായി ജോഷയെ മുഖ്യപുരോഹിതൻ അഭിഷേകം ചെയ്തതിനുശേഷം, ദൈവീക ജ്ഞാനത്തിന്റെ ആത്മാവ് നിറഞ്ഞ മോശ ജോഷയുടെ ശിരസ്സിൽ കൈവച്ചു.

10. ജോഷയോട് യാഹ്വെ വ്യക്തിപരമായി തന്നെ സംസാരിക്കുന്നുണ്ട്. വാഗ്ദത്തഭൂമിയായ കാനാൻ ദേശം കീഴടക്കാൻ ജോഷയോട് കർത്താവ് കൽപ്പിക്കുന്നു. മോശ കർത്താവിനോടൊപ്പമായിരുന്നതു കൊണ്ട് ജോഷയോടൊപ്പം കർത്താവുണ്ടായിരുന്നു. (ജോഷാ 1:1)

ഇസ്രായേൽ ജനം വാഗ്ദത്തഭൂമിയിൽ പ്രവേശിക്കാനുള്ള സമയമായി. നാൽപ്പതുവർഷം മുമ്പ് ഈജിപ്ത് വിട്ടവരിൽ കാലെബും ജോഷയും ഒഴിച്ചുള്ളവർ മരുഭൂമിയിൽ വച്ച് മരണമടഞ്ഞു. വിജനപ്രദേശങ്ങളിലൂടെയുള്ള ഈ യാത്രയിൽ ഒരു പുതിയ തലമുറ രൂപം കൊണ്ടു. അനുഷ്ഠിക്കേണ്ട നിയമങ്ങളെക്കുറിച്ചും ബലികളെക്കുറിച്ചുമെല്ലാം മരിക്കുന്നതിനുമുമ്പ് മോശ നിർദ്ദേശങ്ങൾ നൽകിയിരുന്നു. വാഗ്ദത്തഭൂമിയിലേക്ക് ജനത്തെനയിക്കേണ്ട ദൗത്യം ജോഷ ഏറ്റെടുത്തു. അതുകൊണ്ടുതന്നെ 'ജോഷ' കീഴടക്കലിന്റെയും സ്വന്തമാക്കലിന്റെയും ഓരോ ഗോത്രങ്ങൾക്കുമായി വാഗ്ദത്തഭൂമി ഭാഗിച്ചുകൊടുക്കുന്നതിന്റെയും വിവരണങ്ങളടങ്ങിയ ഗ്രന്ഥമാണ്. ദൈവം തന്നെ വാഗ്ദാനം നിറവേറ്റുമെന്ന് ഈ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. ആദർശപരമായ ഇസ്രയേലിനെയും ആദർശപരമായ അതിന്റെ നേതൃത്വത്തെയും 'ജോഷ' എന്ന പുസ്തകം വരച്ചുകാട്ടുന്നു.

വാഗ്ദത്ത ഭൂമി വീണ്ടെടുക്കാൻ യാഹ്വെയുടെ നിർദ്ദേശമനുസരിച്ച് എങ്ങനെയാണ് ഇസ്രയേൽ ജനം പലസ്തീനായിൽ താമസമുറപ്പിച്ചതെന്ന് ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നു. യാഹ്വെയെ അനുസരിച്ചില്ലെങ്കിൽ അവർക്കു വാഗ്ദത്തഭൂമി നഷ്ടപ്പെടുമായിരുന്നു. ജോഷ എന്ന ഗ്രന്ഥത്തിലെ വിവരണത്തിൽ അബ്രഹാമിനു യാഹ്വേ നൽകിയ വാഗ്ദാനം പാലിക്കപ്പെട്ടതിനെക്കുറിച്ചുള്ള ചിത്രീകരണമാണുള്ളത്. (വാഗ്ദത്തഭൂമി അവന്റെ സന്തതി പരമ്പരകൾക്കു നൽകുമെന്നു ഉത്പ. 12; 7; 15,7 എന്നീ വാക്യങ്ങളിലും അബ്രാമിനെ വലിയൊരു ജനതയാക്കുമെന്നു ഉത്പ. 12, 2 ലും പറഞ്ഞിരുന്നു. 'ജോഷ'യിലാണ് ഇസ്രായേൽ ജനതയുടെ ഈജിപ്തിൽ നിന്നുള്ള മോചനം സമ്പൂർണ്ണമാകുന്നത്. ബാബിലോണിയൻ പ്രവാസകാലത്ത് ഇസ്രായേൽ ജനതയ്ക്ക് പ്രത്യാശ നൽകുകയെന്നതാകാം ജോഷ എന്ന ഗ്രന്ഥം രചിച്ചവരുടെ ലക്ഷ്യമെന്നു

കരുതാവുന്നതാണ്. അവർക്കു പിന്തുടർച്ചാവകാശമായി ലഭിച്ച വാഗ്ദത്തഭൂമി ജോഷയുടെ നേതൃത്വത്തിൽ വീണ്ടെടുത്തത് ബാബിലോണിയൻ പ്രവാസകാലത്ത് ഇസ്രായേൽ ജനതയ്ക്ക് അവരുടെ ദേശം അവർക്ക് വീണ്ടെടുക്കാനാകുമെന്ന ഓർമ്മപ്പെടുത്തലായി മാറുന്നു. ഇസ്രയേലിനോടു ദൈവം പ്രകടിപ്പിച്ച വിശ്വസ്തതയെക്കുറിച്ച് ഈ ഗ്രന്ഥം സാക്ഷ്യം നൽകുന്നു. (കാണുക. ഉത്പ. 15:18, ജോഷ 1:26-6; 21:43-45) വാഗ്ദത്തഭൂമിയുടെ അവകാശം കരഗതമാകുന്നത് ദൈവത്തിന്റെ വിശ്വസ്തതയാണെങ്കിൽ, ആ ദേശത്ത് വസിക്കേണ്ടതിന് ഇസ്രയേൽ ദൈവത്തോടു വിശ്വസ്തരായിരിക്കേണ്ടിയിരുന്നു. (കാണുക: നിയ 30:20) ഭാവിയിൽ ദേശം പിന്തുടർച്ചാവകാശമായി സ്വന്തമാക്കുകയെന്നത്, പുതിയനിയമത്തിലാകട്ടെ, രക്ഷാകരകർമ്മത്തിലൂടെ ആത്മീയ അനുഗ്രഹങ്ങൾ പ്രാപിക്കുകയെന്നതിനുള്ള പദപ്രയോഗമായും മാറി.

## മോശയും ജോഷ്വയുടെ ഒരു താരതമ്യ വിചിന്തനം

മോശയെയും ജോഷ്വയേയും മഹത്‌വ്യക്തികളായിട്ടാണ് ചിത്രീകരിച്ചിട്ടുള്ളത്. മോശ ചെയ്തകാര്യങ്ങളെല്ലാം ജോഷയും ചെയ്തിട്ടുണ്ട്. ചാരന്മാരെ അയയ്ക്കൽ, ജലപരപ്പുകളെ മറികടക്കൽ, പെസഹാ ആഘോഷങ്ങൾ, ദൈവത്തെ കാണൽ, ജനങ്ങൾക്കുവേണ്ടി ദൈവതിരുമുമ്പിൽ മധ്യസ്ഥത വഹിക്കൽ, ദർശനങ്ങൾ തുടങ്ങിയവ. മോശയുടെ കല്പനകളെല്ലാം ജോഷ നിറവേറ്റുന്നുണ്ട്. അഭയ നനഗരം നിർമ്മിച്ചു, ലേവ്യർക്കായി പട്ടണങ്ങൾ ഉണ്ടാക്കി. ബലിപീഠം നിർമ്മിച്ചു, ദേശം വീതിച്ചു നൽകി, അങ്ങനെ പലതും. മോശയുടെ തനിപ്പകർപ്പാണ് ജോഷ. ജോഷയിൽ പാപം ആരോപിക്കുകയോ, കുറ്റമാരോപിക്കുകയും ചെയ്യാത്ത വിധത്തിലാണ് അദ്ദേഹത്തെ അവതരിപ്പിച്ചിട്ടുള്ളത്. തികച്ചും ആദർശവാനായ ഒരു നേതാവും ആദർശത്തിൽ അടിയുറച്ച ഒരു രാജാവിന്റെ മാതൃകയും ജോഷ്വയിലുണ്ട്. ജോഷ്വയോടൊപ്പം ദൈവസാന്നിദ്ധ്യമുണ്ടായിരുന്നു. ഇവിടെ പദോപ്തിവിഷയമായ ഭാഷാപ്രയോഗമുണ്ട് - ഒരു വ്യക്തിയുടെ പേരിന്റെയോ, സ്ഥലത്തിന്റെയോ സ്രോതസ്സ് എപ്രകാരമെന്നു വിവരിക്കുന്നതാണത്.

## ജോഷ എന്ന ഗ്രന്ഥത്തിലെ ആശയങ്ങളും പ്രധാന പദങ്ങളും

ദൈവകരുണയായ ഹെസെദിലൂടെയാണ് വാഗ്ദത്തഭൂമി നൽകപ്പെട്ടത്. ഹെസെദ് എന്ന ഹീബ്രുപദത്തിന് ആംഗലേയ ഭാഷയിലെ ഏതെങ്കിലും ഒരു പദം മാത്രം സമാനമാവില്ല. ദൈവവുമായുള്ള നമ്മുടെ ഉടമ്പടി ബന്ധമാകട്ടെ വിശ്വസ്തതയും കരുണയും ഇഴചേർന്നുള്ള സ്നേഹത്തിൽ അടിയുറച്ചതാണ്. (ഈ ബന്ധത്തെക്കുറിച്ച് സൂചിപ്പിക്കുന്ന കുറെ ഉദാഹരണങ്ങൾ : ഉത്പ. 19:19, 39:21; പുറ. 34:7, നിയ. 5:10, ജോഷ 2:12 -ൽ രണ്ട് തവണ, 14; റൂത്ത് 2:20, 3:10, സങ്കീ. 17:7, 36:7, ജറെ. 9:24)

ജോഷ്വ ദൈവത്തിൽ തെരഞ്ഞെടുക്കപ്പെട്ടവനാണ്. ദേശം കീഴടക്കാൻ ദൈവം അദ്ദേഹത്തിന് ആത്മീയമായ ശക്തി പകർന്നു. കാനാൻകാർക്ക് എതിരെയുള്ള വിജയങ്ങൾ ജോഷ്വയുടെയോ ഇസ്രായേലിന്റെയോ അല്ല. ഈ കഥയിൽ ജോഷ്വയല്ല നായകൻ. ദൈവമാണ് യഥാർത്ഥനായകൻ. ദൈവത്തിന്റെ ശക്തി പ്രകടമാക്കാനുള്ള ഉപകരണങ്ങൾ മാത്രമാണ് ജോഷയും ഇസ്രായേൽ ജനങ്ങളും. വിജയത്തിന്റെ എല്ലാ ബഹുമതിയും ദൈവത്തിനു മാത്രമാണ്. (നിയ 20:3-4; ജോഷ 23:3) ദൈവം കരുണാമയനും കൃപാലുവുമാണ്. കാനാൻദേശം കീഴടക്കിയത് പാപകരമായ ഈ ലോകത്തെ കീഴടക്കിയതുപോലെയാണെന്നു പറയാമെങ്കിലും ദൈവത്തിന്റെ ദൈവീകമായ ക്ഷമാശീലവും സ്ത്രീകളും പുരുഷന്മാരുമടങ്ങിയ ആബാലവൃദ്ധം പേർക്കും രക്ഷ നൽകുമെന്ന വാഗ്ദാനവും ഒരിക്കലും കുറ്റം ചെയ്തവർക്കോ, അനുതപിക്കാത്ത പാപികൾക്കോ വിധിത്തീർപ്പിലാതെ വിട്ടയക്കുമെന്നു കരുതുക വയ്യ.

'ജോഷ'യിലെ 'നഹൽ' (ക്രിയാപദം) 'നഹല' (നാമം) എന്നീ പദങ്ങൾ പിന്തുടർച്ചാവകാശമെന്നോ, പൈതൃകമെന്നോ ജന്മാവകാശമെന്നോ പരിഭാഷപ്പെടുത്താവുന്നതാണ്. 'ജോഷ'യിൽ നിരവധിതവണ പിന്തുടർച്ചാവകാശമെന്ന അർത്ഥം വരുന്നപദം ഉപയോഗിക്കുന്നുണ്ട്. (ഉദാഹരണത്തിന്13-ാം അധ്യാത്തിൽ

10 തവണയും, 6, 7, 8, 14 വാക്യങ്ങളിൽ രണ്ടുതവണയും 23, 28, 32, 33 വാക്യങ്ങളിൽ രണ്ട് തവണയും 14-ാം അധ്യായത്തിൽ 1, 2, 3 വാക്യങ്ങളിൽ രണ്ടുതവണയും 9, 13, 14 വാക്യങ്ങളിലും ഈ പദപ്രയോഗമുണ്ട്.)

മറ്റ് പഴയനിയമ ഗ്രന്ഥങ്ങളിലും വാഗ്ദത്തഭൂമി ഇസ്രായേലിനുള്ള സമ്മാനമാണെന്ന രീതിയിൽ ഈ പദപ്രയോഗം കാണാം. (ഉദാഹരണത്തിനായി പുറ. 32:13; നിയ. 1:38, 12:10; സങ്കീ. 105:11) ഇസ്രായേലിനെ വിശേഷിപ്പിക്കുന്നത്. താനുമായുള്ള ഉടമ്പടി പ്രകാരമുള്ള സ്നേഹം നിറഞ്ഞ പൈതൃകബന്ധമാണ് ഇവിടെയെല്ലാം കാണാനാകുക. (കാണുക. ഏശ. 19:25)

**കൈവശപ്പെടുത്തുക (ജോഷ്വ 1:11, 15 രണ്ടുതവണ)**

ജോഷ്വയുടെ ഗ്രന്ഥത്തിൽ പൈതൃകമായി ലഭിക്കുകയെന്നതിന്റെ ദൈവശാസ്ത്രപരമായ അർത്ഥം വാഗ്ദത്തഭൂമി കൈവശപ്പെടുത്തുകയെന്നതാണ്. അതിനു കാരണമാകുന്നതാകട്ടെ ജോഷ്വയും. ഇതൊരു ദൈവശാസ്ത്രപരമായ ആശയമാണ്. പുതിയ ഉടമ്പടിയിൽ പ്രധാനമെന്നു പറയുന്നത് വാഗ്ദാനം ചെയ്യപ്പെട്ട നിത്യരക്ഷയെന്ന ആത്മീയാനുഗ്രഹങ്ങൾ നാം "കൈവശപ്പെടുത്തുന്നത്" നമ്മുടെ രക്ഷകനായ യേശു ക്രിസ്തുവിലൂടെയാണ്.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടുന്നു കാരുണ്യാതിരേകത്താൽ യേശുക്രിസ്തുവിന്റെ, മരിച്ചവരിൽ നിന്നുള്ള ഉത്ഥാനം വഴി സജീവമായ പ്രത്യാശയിലേക്കും നിങ്ങൾക്കായി സ്വർഗത്തിൽ കാത്തു സൂക്ഷിക്കപ്പെടുന്ന അക്ഷയവും കളങ്കരഹിതവും ഒളിമങ്ങാത്തതുമായ അവകാശത്തിലേക്കും നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു. അവസാനകാലത്തു വെളിപ്പെടുത്താനായി തയ്യാറാക്കിയിരിക്കുന്ന രക്ഷയ്ക്കുവേണ്ടി ദൈവശക്തിയാൽ വിശ്വാസം വഴി നിങ്ങൾ കാത്തു സൂക്ഷിക്കപ്പെടുന്നു. (പത്രോ 1:3-5 ഊന്നൽ കൂട്ടിച്ചേർത്തിരിക്കുന്നു) നിത്യരക്ഷ സ്വന്തമാക്കുന്നതിനെക്കുറിച്ചുള്ള ആശയം അപ്പ. നട. 26:18 ലും എഫേ 1:11, 14, 18 ലും 5:5 ലും കൊടുത്തു. 1:12 ലും 3:24 ലും ഹെബ്രാ. 9:15 ലും കാണാം.

ഇസ്രായേലിന്റെ മക്കൾക്ക് 'കൈവശപ്പെടുത്തുക' എന്നതിൽ ഉൾപ്പെട്ടിട്ടുള്ള ധാർമ്മികബാദ്ധ്യത, ദൈവം അവരുടെ പൂർവികർക്ക് വാഗ്ദാനം ചെയ്ത വാഗദത്തഭൂമി സ്വന്തമാക്കുകയെന്നതുമാത്രമല്ല, സീനായ് ഉടമ്പടിയനുസരിച്ചുള്ള ദൈവാനുഗ്രഹങ്ങൾ 'കൈവശപ്പെടുത്തുക'യെന്നതു കൂടിയാണ്.

**ഗ്രന്ഥത്തിന്റെ ദൈവശാസ്ത്രപരമായ സന്ദേശം**

യാഹ്വേയുടെ വിശ്വസ്തത: ഉടമ്പടിപരമായ വിശ്വസ്തതയും സ്നേഹവും. ഉടമ്പടിയിൽ നാം പിന്മാറിയാൽ പോലും ദൈവം അത് പാലിക്കും. യാഹ്വെ തന്റെ വാഗ്ദാനം സഫലീകരിക്കും.

ഹെസെദ്: യാഹ്വെ കരുണാമയനാണ്; പരിശുദ്ധി; സഹിഷ്ണുത കാണാനാവില്ല. ചെറിയൊരു തെറ്റിനുപോലും ശിക്ഷ കഠിനമായിരിക്കും - ആവാൻ; യാഹ്വേ പരമോന്നത ദൈവമാണ്. അവൻ വിജയം നല്കുന്നു. ചരിത്രത്തിന്റെ നാഥൻ അവനാണ്. ദൈവം അനുകമ്പയുള്ളവനാണ്. അവന്റെ അരികിലേക്ക് ചെല്ലുന്നവരെ അവൻ ഒരുനാളും ഉപേക്ഷിക്കുകയില്ല.

നേതൃത്വം; ജോഷ്വയുടെ വിശ്വസ്തമായ നേതൃത്വം. (മോശയുടെ ദാസൻ 1, 1-കർത്താവിന്റെ ദാസൻ 24:29) ആധികാരികമായുള്ള മോശയുടെ പിൻഗാമി) (1, 5; 3, 7, 4, 14) വാഗ്ദത്തഭൂമി ഒരു സമ്മാനമാണ്, അതുപോലെതന്നെ അതൊരു ദൗത്യവുമാണ്. കാരണം അവർ കൽപ്പനകളനുസരിച്ച് ജീവിക്കാൻ കടപ്പെട്ടവരാണ്.

**ദേശം വിഭജിച്ച് നൽകുന്നു (അധ്യാ. 13-22)**

ജോഷ്വാ എന്ന ഗ്രന്ഥത്തിലെ ഉള്ളടക്കത്തിൽ 40 ശതമാനവും വാഗ്ദത്തഭൂമി ഇസ്രായേൽ ഗോത്രങ്ങൾക്കു വിഭജിച്ചു നൽകുന്നതിനെക്കുറിച്ചാണ് പരാമർശിക്കുന്നത്. ഗ്രന്ഥത്തിലെ ഏറ്റവും വിപുലമായ

ഭാഗങ്ങളും ഇതുതന്നെ. ഓരോ ഗോത്രങ്ങൾക്കും നൽകിയ ദേശത്തെ സംബന്ധിച്ച അതിർത്തികളുടെ ഭൂമിശാസ്ത്രപരമായ കൃത്യമായ വിവരണം ഗ്രന്ഥത്തിൽ നൽകുന്നുണ്ട്. ഗോത്രങ്ങളുടെ വലുപ്പമനുസരിച്ച് കുറിയിട്ടാണ് ദേശം വിഭജിച്ചു നൽകുന്നത് (സംഖ്യ 33:53-54) സംഖ്യ എന്ന ഗ്രന്ഥത്തിലെ രണ്ടാമത്തെ ജനസംഖ്യാകണക്കെടുപ്പിനുള്ള പ്രാഥമിക കാരണവും ഇതുതന്നെയാണ്. കൂടാതെ ഗോത്രങ്ങൾക്കു ഭൂമി വിഭജിച്ചുകൊടുക്കുന്നതിനുശേഷം ലേവ്യരുടെ നഗരങ്ങൾ അഭയാർത്ഥികൾക്കായി വേർതിരിച്ചിട്ടു.

ഒരിക്കൽ ദേശം വിഭജിച്ചുകഴിഞ്ഞാൽ, അത് ആ ഗോത്രത്തിനുമാത്രം അവകാശപ്പെട്ടതാണ്. യഥാർത്ഥത്തിൽ വിഭജിച്ചു കിട്ടിയവരിൽ നിന്ന് അതേ ദേശം പുറത്താരെങ്കിലും കൈവശപ്പെടുത്തിയിട്ടുണ്ടെങ്കിൽ, 50-ാം വർഷത്തിൽ അതായത് ജൂബിലി വർഷത്തിൽ ആ പ്രദേശം യഥാർത്ഥ ഉടമകൾക്കു തിരികെ നൽകേണ്ടിയിരുന്നു. (ലേവ്യർ 25) അതുകൊണ്ടുതന്നെ വിശദമായ അതിർത്തി അടയാളങ്ങൾ അനിവാര്യമായിരുന്നു. ഈ അതിർത്തികൾ സുപ്രധാനമായതിനാൽ, ഏതെങ്കിലും വിധത്തിൽ അതിർത്തികൾ മാറുന്നത് നിയമം ലംഘനമായി എണ്ണപ്പെട്ടിരുന്നു. (നിയമാ 19:14) അതിർത്തിക്കല്ല് മാറ്റുന്നവർ ശപിക്കപ്പെട്ടവനാകുമെന്നാണ് പറഞ്ഞിട്ടുള്ളത് (നിയ 27:17).

സംഖ്യ 33:50-56-ൽ ദേശവിഭജനത്തിന്റെ പ്രാധാന്യം മുൻകൂട്ടി വിവരിക്കുന്നുണ്ട്. സംഖ്യ 33:50-52 വാക്യങ്ങളാകട്ടെ, നിലവിൽ ആ ദേശങ്ങളിൽ താമസിക്കുന്നവരെ പുറത്താക്കേണ്ടതിനെക്കുറിച്ചും, ദേശവാസികളുടെ വിഗ്രഹങ്ങളും ആരാധനാലയങ്ങളും നശിപ്പിക്കേണ്ടതിനെക്കുറിച്ചും പറഞ്ഞുകൊണ്ടാണ് ആരംഭിക്കുന്നതുതന്നെ. ദേശവിഭജനം നടക്കുന്നതിനുമുമ്പായിതന്നെ ജനം ആ നാട് പിടിച്ചടക്കുകയും വിഗ്രഹാരാധനക്കാരായ രാജ്യക്കാരുടെ എല്ലാ അവശേഷിപ്പുകളും നശിപ്പിക്കുകയും വേണം. ആ ദേശം ഇസ്രായേലിനു ലഭിക്കാൻ യോഗ്യതയുള്ളതുകൊണ്ടല്ല, പിന്നെയോ അവിടെ വസിച്ചിരുന്നവരുടെ ദുഷ്ടതകൊണ്ടാണ് ദൈവം അവരെ അവിടെനിന്നു പുറത്താക്കുന്നത്. (നിയ 9:5) യഥാർത്ഥത്തിൽ, അബ്രാഹത്തിന്റെ പിന്തുടർച്ചക്കാർ ദൈവത്തിന്റെ ഉടമ്പടി സഫലമാക്കാൻ നാല് നൂറ്റാണ്ടുകൾവരെ കാത്തിരിക്കേണ്ടിവന്നു. ഇതാകട്ടെ, നിലവിൽ ആ ദേശത്തു താമസിച്ചിരുന്നവരുടെ പാപപ്രവൃത്തികൾ അതിന്റെ പാരമ്യത്തിലെത്താൻ വേണ്ടിയായിരുന്നു. (ഉത്. 15:16)

ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഈ ദേശവിഭജനം യാന്ത്രികമായിരുന്നില്ല. ഗോത്രങ്ങൾ ആ ദേശങ്ങൾ കൈവശപ്പെടുത്തുകയും കീഴടക്കുകയും ചെയ്യേണ്ടിയിരുന്നു. (സംഖ്യ 33:55-56) അതനുസരിച്ച് ദേശവിഭജനം രണ്ട് ഭാഗങ്ങളായി വിഭജിക്കാം. 1) അനുസരണയോടെ ദേശം കീഴടക്കിയ ഗോത്രങ്ങൾക്കു വിഭജിച്ചു നൽകിയത് (2) ദേശം കീഴടക്കാൻ സാധിക്കാതെപോയ ഗോത്രങ്ങൾക്കു വിഭജിച്ചു നൽകിയത്.

‘‘ജോഷ്വ വൃദ്ധനായപ്പോൾ കർത്താവ് അവനോടുപറഞ്ഞു: ഇനിയും വളരെയധികം സ്ഥലങ്ങൾ കൈവശപ്പെടുത്താനുണ്ട്’’ (13:1) ഏഴുവർഷം കഴിഞ്ഞപ്പോൾ ഇസ്രയേൽ വളരെക്കുറച്ച് സ്ഥലങ്ങൾ മാത്രമേ കീഴടക്കിയിരുന്നുള്ളു. ‘‘വളരെയധികം’’ സ്ഥലങ്ങൾ ഇനിയും ഇസ്രായേലിന്റെ അധീനതയിലായിരുന്നില്ല.

സംഖ്യയുടെ പുസ്തകത്തിൽ കാണുന്നതുപോലെ, റൂബൻ, ഗാദ് ഗോത്രങ്ങൾക്കും മനാസ്സെ അർധ ഗോത്രത്തിനും ജോർദ്ദാന്റെ കിഴക്കുഭാഗത്തായി ദേശം വിഭജിച്ചുനൽകി. ശേഷിച്ച സ്ഥലം ഒമ്പതര ഗോത്രങ്ങൾക്കായി വീതിച്ചുനൽകി. കുറിയിടുന്നതിനുമുമ്പായി കാലെബും യൂദായിൽ നിന്നുള്ള ഗോത്രക്കാരും ജോഷ്വയെ കണ്ട് മോശ വാഗ്ദാനം നൽകിയ ഭൂമിയെക്കുറിച്ച് പറയുകയും വാഗ്ദാനത്തിൽ പറഞ്ഞിട്ടുള്ള ദേശം ആവശ്യപ്പെടുകയും ചെയ്തു. (14:6-9; കാണുക: നിയ 1:36; സംഖ്യ 14:26-38) മോശ കാലെബിനു ഭൂമി നൽകാമെന്നു പറഞ്ഞുവെങ്കിലും കൃത്യമായ സ്ഥലം പറഞ്ഞിരുന്നില്ല. ചാരന്മാരായ 12 പേരിൽ ദൈവത്തോടു വിശ്വസ്തത പുലർത്തിയെന്നതുകൊണ്ടാണ് അവൻ പ്രത്യേക പരിഗണന ദേശവിഭജനത്തിൽ ആവശ്യപ്പെട്ടത്. പിന്നീട് ജോഷ്വയ്ക്കും പ്രത്യേകമായി സ്ഥലം വീതിച്ചുകിട്ടുകയുണ്ടായി (19:49-50).

കാലെബ് തന്റെ പ്രായത്തെക്കുറിച്ച് ഇവിടെ പറയുന്നുണ്ട്. കാനാൻ ദേശം കീഴടക്കാൻ എടുത്ത വർഷങ്ങൾ എത്രയായിരുന്നുവെന്നു കാലെബിന്റെ വാക്കുകളിൽ വ്യക്തമാണ്. ഇസ്രായേല്യർ ജോർദ്ദാൻ

കടന്ന് കാനാനിലെത്തുന്നതിനു 38 വർഷങ്ങൾക്കുമുമ്പാണ് കാദെഷ് ബർണിയയിൽ വച്ച് കാദെഷിനു സ്ഥലം വാഗ്ദാനം ചെയ്യപ്പെട്ടത്. (സംഖ്യ 14:24) അന്ന് കാലെബിനു 85 വയസ്സായി (വാക്യം 10) ഇതിനകം 45 വർഷങ്ങൾ കടന്നുപോയി. ഇതിൽ 38 വർഷവും കാലെബ് മരുഭൂമിയിലായിരുന്നു. അതുകൊണ്ട് കാനാൻ കീഴടക്കാൻ എടുത്തത് ശേഷിച്ച ഏഴ് വർഷങ്ങൾ എന്നു കണക്കാക്കാം.

പ്രായം 85 ആയെങ്കിലും, അന്നു കൂടെയുണ്ടായിരുന്ന ചാരന്മാർ രാക്ഷസന്മാർ വസിക്കുന്നുവെന്നു പറഞ്ഞ് നിരുത്സാഹപ്പെടുത്തിയ മനുഷ്യവാസമില്ലാത്ത മലമ്പ്രദേശത്തുള്ള സ്ഥലം തന്നെ തനിക്കുമതിയെന്നു കാലെബ് ആവശ്യപ്പെട്ടു. ഈ ആവശ്യം ഉന്നയിക്കവെ (14:12) കാലെബ് പഴയകാര്യങ്ങൾ അനുസ്മരിച്ചു. വിശ്വസ്തതകാണിക്കാതിരുന്ന ചാരന്മാർ, കാനാനിൽ ഇസ്രായേല്യർ പ്രവേശിക്കുന്നതിനു അവർ ചൂണ്ടിക്കാണിച്ച രാക്ഷസരൂപമുള്ള മനുഷ്യർ, മലമ്പ്രദേശം, അനാക്കിമുകൾ വസിക്കുന്ന പ്രബലങ്ങളായ നഗരങ്ങൾ എല്ലാം കാലെബ് വിവരിക്കുന്നുണ്ട് (കാണുക: സംഖ്യ 13:28-29).

ജോർദ്ദാൻ നദിയുടെ പടിഞ്ഞാറുവശത്തുള്ള പ്രദേശം ആദ്യനറുക്കിൽ തന്നെ യൂദാഗോത്രത്തിനു ലഭിച്ചു. യാക്കോബിന്റെ പ്രത്യേകമായ പൈതൃകാശീർവാദം ലഭിച്ചവരെന്നനിലയിലാണ് യൂദാ ഗോത്രത്തിനു പ്രഥമപരിഗണന ലഭിച്ചതെന്നു പറയുന്നുണ്ട്. യൂദാ ആയിരുന്നു ഏറ്റവും വലിയ ഗോത്രവും. ജോർദ്ദാന്റെ പടിഞ്ഞാറു ഭാഗത്തുള്ള ഏറ്റവും വടക്കുമാറിയുള്ള ഗോത്രമാണ് യൂദാ. യൂദാ ഗോത്രത്തിന്റെ അതിർത്തിക്കുള്ളിലാണ് കാലെബും കുടുംബവും ശിമയോൻകാരും താമസിച്ചിരുന്നത്. ലേവിയെ കൂടാതെ ഏറ്റവും ചെറിയ ഗോത്രങ്ങളിൽ ഒന്നായിരുന്നു ശിമയോൻ. ദേശം കീഴടക്കിയതിനുശേഷം ഇവർക്കു യൂദാ ഗോത്രത്തിന്റെ പ്രദേശത്ത് അതിർത്തിപരമായ അനന്യത നഷ്ടമായിരുന്നു. (കാണുക: ഉത്പ. 49:7) ഈ കാരണം കൊണ്ടുതന്നെ, ഗോത്രങ്ങൾക്കുള്ള ഭൂമിവിഭജനം സംബന്ധിച്ച ഭൂപടങ്ങളിൽ സിമയോനുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കാണുന്നില്ല.

പതിനാറാം അധ്യായത്തിൽ ജോസഫിന്റെ സന്തതികളായ എഫ്രായിം ഗോത്രക്കാർക്ക് കാനാൻകാരെ പൂർണ്ണമായും പുറത്താക്കാൻ കഴിഞ്ഞില്ല. (16:10) തങ്ങളുടെ ഗോത്രത്തിന്റെ വലുപ്പമനുസരിച്ചുനോക്കുമ്പോൾ, തങ്ങൾക്കുതീരെ ചെറിയ പ്രദേശമാണ് ലഭിച്ചതെന്നു എഫ്രായിംകാർ ജോഷ്വയോടു പരാതിപ്പെട്ടു (17:14) ജോഷ്വയുടെ മറുപടി ഇങ്ങനെയായിരുന്നു. ''നിങ്ങൾക്കു ഭൂമി ഏറെയുണ്ട്. പക്ഷെ, നിങ്ങൾ ആ പ്രദേശമെല്ലാം പൂർണ്ണമായി കീഴടക്കി നിങ്ങളുടേതാക്കണം'' (17:17-18) എഫ്രായിംകാർ കാനാന്യരുടെ ഇരുമ്പുരഥങ്ങളെ ഭയപ്പെട്ടിരുന്നു. (17:16) ദൈവം നൽകിയ വാഗ്ദാനത്തിൽ അവർ വിശ്വസിച്ചില്ല, ദൈവത്തിന്റെ വാഗ്ദാനം സഫലമാക്കാൻ അവർ പരിശ്രമിച്ചതുമില്ല. അതുകൊണ്ട് തന്നെ, അവർക്കു പൂർണ്ണമായതോതിൽ പൈതൃകസ്വത്ത് ലഭിച്ചതുമില്ല.

ഗോത്രങ്ങളിൽ പലതിനും ഭൂമി കൈവശപ്പെടുത്തുവാൻ കഴിഞ്ഞില്ല. പതിനെട്ടാം അധ്യായത്തിൽ ഇസ്രയേൽ ജനത്തെ ഷീലോയിൽ വിളിച്ചുകൂട്ടി. ഏൽപ്പിച്ച ദൗത്യം പൂർത്തിയാക്കാത്തതിൽ അവൻ അവരെ കുറ്റപ്പെടുത്തി. യൂദാ ഗോത്രവും ജോസഫിന്റെ സന്തതികളും മാത്രമാണ് അവർക്കു നീക്കിവച്ച ഭൂമി കീഴടക്കിയത്. (കൂട്ടത്തിൽ പറയട്ടെ, ഗാദ്, റൂബൻ ഗോത്രങ്ങൾക്കു ജോർദ്ദാൻ നദിയുടെ കിഴക്കുഭാഗത്ത് ഭൂമി നൽകിയിരുന്നു.) അതുകൊണ്ട് അവർ നേടിയ സ്ഥലം കാത്തുസൂക്ഷിക്കാൻ അവർക്കു കഴിഞ്ഞു. അനുസരിക്കാൻ വിസമ്മതിച്ച ശേഷിക്കുന്ന ഏഴ് ഗോത്രങ്ങൾക്കു വീതിച്ചു നൽകിയിട്ടുണ്ടായിരുന്നു. 18, 19 അധ്യായങ്ങളിലായി ഇങ്ങനെ ഭാഗിച്ചുനൽകിയതിന്റെ വിശദാംശങ്ങളുണ്ട്. ദേശവിഭജനം കഴിഞ്ഞപ്പോൾ ദാൻഗോത്രങ്ങൾക്ക് തങ്ങളുടെ ഓഹരി വളരെ ചെറുതാണെന്നു കണ്ടു. അതുകൊണ്ട്, അവർ തെക്കോട്ടു നീങ്ങി അവർക്കു വിഭജിച്ചു നൽകാത്ത കുറെ ഭൂമി കൂടി പിടിച്ചടക്കി. (19:47)

## ഉപസംഹാരം (അധ്യായങ്ങൾ 23-24)

### അധ്യായം 23 : ജോഷ്വായുടെ വിടവാങ്ങൽ

ഗ്രന്ഥത്തിന്റെ അവസാനം എല്ലാ ഗോത്രങ്ങൾക്കും അവരുടെ ഭാഗം ലഭിച്ചു; കാരണം ഇസ്രയേൽ ഒട്ടു മിക്ക ഭൂപ്രദേശങ്ങളും ഇതിനകം കീഴടക്കിയിരുന്നു. വാഗ്ദത്തദേശത്തെ ഭൂരിഭാഗം ദേശങ്ങളും കീഴടക്കിയതു കൊണ്ട്, കർത്താവിന്റെ നിയമം അനുസരിക്കുന്നതിൽ ജാഗ്രതയോടെയുള്ള അനുസരണം അനിവാര്യമായിരുന്നുവെങ്കിലും അക്കാര്യത്തിൽ പ്രകടമായ ആലസ്യമുണ്ടാവാൻ സാധ്യതയുണ്ടായിരുന്നു. ജോഷ്വയുടെ ഏറ്റവും വലിയ ഭയവും ഇതുതന്നെയായിരുന്നു. വാഗ്ദത്തദേശത്തു സംതൃപ്തിയോടെ വിശ്രമിക്കവേ, ജനം കർത്താവിനെ വിട്ട് മറ്റ് ദേവന്മാരുടെ പുറകെ പോകുമോയെന്നു ജോഷ്വ ഭയന്നു. (23:7) കർത്താവിന്റെ കൽപ്പനയനുസരിച്ച് നിങ്ങൾക്കു നശിപ്പിക്കാൻ കഴിയാതിരുന്നവരുമായി ഇടപഴകുകയോ, അവരുമായി വിവാഹ ബന്ധത്തിൽ ഏർപ്പെടുകയോ അവരുടെ ദേവന്മാരെ സേവിക്കുകയോ ചെയ്താൽ നിങ്ങൾക്കു സ്വന്തമായ ദേശം നഷ്ടപ്പെടും (23:15-16) അങ്ങനെ, 110-ാം വയസ്സിൽ ജോഷ്വ ആസന്നമരണനായപ്പോൾ, തന്റെ രാജ്യത്തിനു സുപ്രധാനമായ ഒരു സന്ദേശം നൽകാനുണ്ടായിരുന്നു. എല്ലാ ഇസ്രായേൽ ജനങ്ങളും അത് ശ്രവിക്കാനായി വന്നു ചേരണമെന്നു ജോഷ്വ ആവശ്യപ്പെട്ടു.

### അധ്യായം 24 : ഉടമ്പടിയുടെ നവീകരണം

യാഹ്‌വെയാണ് അവർക്കുവേണ്ടി പോരാടിയതെന്നു ജോഷ്വ ഇസ്രായേൽ ജനങ്ങളെ അനുസ്മരിപ്പിച്ചു. രാജ്യങ്ങളെ ഓടിച്ചു പുറത്താക്കിയത് യാഹ്‌വെയാണ്. യാഹ്‌വെ കടന്നലുകളെ അയച്ചു; ശത്രുക്കൾക്കു അവരുടെ വാളോ വില്ലോ ഉപയോഗിക്കാൻ യാഹ്‌വെ അവസരം നൽകിയില്ല. (24:12) ദൈവം അവരുടെ കുതിരകളുടെ കുതിഞരമ്പ് മുറിക്കുകയും രഥങ്ങൾ അഗ്നിക്കിരയാക്കുകയും ചെയ്തു (11:5) ദൈവം അവരുടെ ഹൃദയങ്ങൾ കഠിനമാക്കി. അതുവഴി അവർ സമാധാന സന്ധിയുണ്ടാക്കാതിരിക്കുകയും, അവർ യുദ്ധത്തിൽ ഏർപ്പെടുകയും അവരുടെ വിധി അവർ തന്നെ നിർണ്ണയിക്കുകയും ചെയ്തു (11:19-20) യാഹ്‌വേ എല്ലാ രാജ്യങ്ങളെയും ഓടിച്ച് പുറത്താക്കി. ഇസ്രായേൽ ജനതയുടെ മുമ്പിൽ ആർക്കും എതിർത്തു നിൽക്കാനായില്ല. (23:8-10) അതുകൊണ്ട് ജോഷ്വ വ്യക്തമായി പ്രഖ്യാപിച്ചു: എല്ലാ ബഹുമതിയും കർത്താവിനുള്ളതാണ്. ''നിങ്ങൾ അധ്വാനിക്കാത്ത ഭൂമിയും, നിങ്ങൾ പണിയാത്ത പട്ടണങ്ങളും നിങ്ങൾക്കു ഞാൻ തന്നു; നിങ്ങൾ ഇന്നിവിടെ വസിക്കുന്നു. നിങ്ങൾ നട്ടുവളർത്താത്ത മുന്തിരിത്തോട്ടത്തിന്റെയും ഒലീവ് തോട്ടത്തിന്റെയും ഫലം നിങ്ങൾ അനുഭവിക്കുന്നു'' (24:13)

ജോഷ്വയുടെ തുടർന്നുള്ള വാക്കുകൾ നിരവധി തവണ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട് : ''ആകയാൽ, കർത്താവിനെ ഭയപ്പെടുകയും, ആത്മാർത്ഥതയോടും വിശ്വസ്തതയോടും കൂടെ അവിടുത്തെ സേവിക്കുകയും ചെയ്യുവിൻ. ഈജിപ്തിലും നദിക്ക് അക്കരെയും നിങ്ങളുടെ പിതാക്കന്മാർ സേവിച്ചിരുന്ന ദേവന്മാരെ ഉപേക്ഷിച്ച് കർത്താവിനെ സേവിക്കുവിൻ. കർത്താവിനെ സേവിക്കുന്നതിനു മനസില്ലെങ്കിൽ നദിക്ക് അക്കരെ നിങ്ങളുടെ പിതാക്കന്മാർ സേവിച്ച ദേവന്മാരെയോ നിങ്ങൾ വസിക്കുന്ന നാട്ടിലെ അമോര്യരുടെ ദേവന്മാരെയോ ആരെയാണോ സേവിക്കേണ്ടതെന്നു ഇന്നുതന്നെ തീരുമാനിക്കുവിൻ. ഞാനും എന്റെ കുടുംബവും കർത്താവിനെ സേവിക്കും'' (24:14-15) ഇസ്രായേലിനു ഒരു പക്ഷം പിടിക്കേണ്ടതുണ്ടായിരുന്നു. ഇടയ്ക്കൊരിടം തെരഞ്ഞെടുക്കാനാവില്ലായിരുന്നു. താനും തന്റെ കുടുംബവും എവിടെയാണ് നിലയുറപ്പിക്കുകയെന്നു ജോഷ്വയ്ക്ക് അറിയാമായിരുന്നു. എന്തെന്നാൽ, ഓരോ കുടുംബവും അവരുടെ നിലപാട് വ്യക്തമാക്കേണ്ടിയിരുന്നു.

ജനം പ്രതികരിച്ചു : ''ഞങ്ങൾ കർത്താവിനെ വിട്ട് അന്യദേവന്മാരെ സേവിക്കാൻ ഇടയാകാതിരിക്കട്ടെ. കർത്താവ് മാത്രമാണ് നമുക്കു ഈ ദേശം നൽകിയത്. അതുകൊണ്ട്, തീർച്ചയായും ഞങ്ങൾ കർത്താവിനെ സേവിക്കും'' (24 :16-18). എന്നാൽ ജോഷ്വയ്ക്ക് നന്നായറിയാമായിരുന്നു. അവർ കർത്താവിനെ സേവിക്കുന്നതിൽ വീഴ്ച വരുത്തും. 23:15-16-ൽ അവൻ പ്രവചിച്ചതുപോലെ സംഭവിക്കും. അത് സംഭവിക്കുമ്പോൾ,

അവർ നശിപ്പിക്കപ്പെടും. യഥാർത്ഥത്തിൽ ജോഷ്വയ്ക്കുശേഷം ഇസ്രായേലിന്റെ ചരിത്രം കീഴോട്ടായിരുന്നു (ദാവീദ് വരെ) ഇസ്രായേലിന്റെ ചരിത്രത്തിലെ പരമപ്രധാനമായ പരാമർശമാണ് 24-ാം അധ്യായത്തിൽ ഉള്ളത്. ദൈവജനമെന്ന വ്യക്തിത്വം പൂർണ്ണമായി ഇവിടെ കാണാം. ജോഷ്വ ജനങ്ങളുടെ വാഗ്ദാനം അംഗീകരിച്ചു വെങ്കിലും, ആ ഉടമ്പടി പാലിക്കാൻ അവർ തന്നെയായിരിക്കും സാക്ഷിയെന്നും പറഞ്ഞു (24:22) അവർ വിഗ്രഹാരാധനയിലേക്കു തിരിഞ്ഞപ്പോഴാകട്ടെ, ആ ദിനത്തിൽ അവർ നൽകിയ ഉറപ്പുതന്നെ അവർക്കു വിനയായി മാറുകയും ചെയ്തു.

**വാഗ്ദത്ത ഭൂമിയിൽ പ്രവേശിച്ചശേഷം ഷെക്കെമിൽ വച്ച് ഉണ്ടായ ഉടമ്പടി നവീകരണം**

**ദൈവശാസ്ത്രപരവും ചരിത്രപരവുമായ ഷെക്കെമിന്റെ പ്രാധാന്യം :**

1. അബ്രാം കാനാനിൽ പ്രവേശിച്ചതിനുശേഷം ആദ്യമായി തങ്ങിയ സ്ഥലമാണ് ഷെക്കെം. ഇവിടെ വച്ചാണ് ദൈവം ആദ്യമായി അബ്രാമിനു പ്രത്യക്ഷനായത്.
2. അബ്രാമിന്റെ പിന്തുടർച്ചക്കാർക്കു കാനാൻദേശം സമ്മാനമായി നൽകുമെന്ന കർത്താവിന്റെ വാഗ്ദാനമുണ്ടാകുന്നത് ഷെക്കെമിൽ വച്ചാണ്. (ഉത്പ. 12:6-7 എ)
3. യാഹ്വെയ്ക്ക് അബ്രാം ആദ്യത്തെ ബലിപീഠം പണിത് ബലിയർപ്പിക്കുന്നത് ഷെക്കെമിലാണ് (ഉത്പ. 12:7 ബി)
4. ഹാരാനിൽ നിന്നു (ആധുനിക കാലത്തെ സിറിയ) കാനാനിലേക്ക് മടങ്ങിച്ചെന്ന ശേഷം അബ്രാഹത്തിന്റെ പൗത്രനായ യാക്കോബ് തന്റെ കുടുംബത്തോടൊപ്പം ഷെക്കെമിലാണ് വാസമുറപ്പിച്ചത്. അവൻ ആ സ്ഥലം വിലയ്ക്കുവാങ്ങി യാഹ്വെയ്ക്കു ബലിപീഠം നിർമ്മിച്ചു (ഉത്പ. 33 :18-20)
5. ഇവിടെ വച്ചുതന്നെയാണ് യാക്കോബിന്റെ രണ്ട് പുത്രന്മാർ ഷെക്കെമിലെ ജനങ്ങളുമായുള്ള ഉടമ്പടി ലംഘിച്ചത് (ഉത്പ. 34:1-31)

**ദേശീയ അസംബ്ലിയുടെ നാല് പ്രതിജ്ഞകൾ അധ്യായം 24 ലുണ്ട്**

1. ഞങ്ങൾ യാഹ്വെയെ സേവിക്കും; കാരണം അവിടുന്നു ഞങ്ങളുടെ ദൈവമാണ്. (24:16-18)
2. ഇല്ല, യാഹ്വെയെ മാത്രമേ ഞങ്ങൾ സേവിക്കൂ (24:21)
3. ഞങ്ങൾ സേവിക്കുന്ന യാഹ്വെയാണ് ഞങ്ങളുടെ ദൈവം. അവിടത്തെ കൽപ്പനകൾ ഞങ്ങൾ അനുസരിക്കും (27:24)

**മോശയും ജോഷ്വയും - ഒരു താരതമ്യ വീക്ഷണം, ഒപ്പം ചില സാദൃശ്യങ്ങളും**

1. മോശയെ ദൈവത്തിന്റെ ദാസനായി വിളിച്ചതുപോലെ തന്നെയാണ് ജോഷ്വയെയും ദൈവം തന്റെ ദാസനായി വിളിക്കുന്നത് (1e : ജോഷ്വ 1:1 24:29)
2. മോശയോട് ദൈവം നേരിട്ട് സംസാരിച്ചതുപോലെ തന്നെ ജോഷ്വയോടും ദൈവം നേരിട്ട് സംസാരിച്ചു. (ജോഷ്വ 1:1, 3:7, 4:1, 8, 15; 5:29; 6:2; 7:10; 8:1, 18; 10:8; 11:16; 20:1)
3. ഇരുവരും ദൈവവുമായി സഹകരിച്ച്, ഇസ്രയേല്യർക്കു മുമ്പിൽ ജലം വിഭജിച്ചു മാറുന്ന വിധത്തിലുള്ള രണ്ട് അത്ഭുതങ്ങൾക്കു സാക്ഷികളായി (പുറ. 14:15-16; ജോഷ്വാ 3:7-17)

4. ഇരുവരും ദൈവവുമായി ഔപചാരികമായ സന്ദർശനം നടത്തിയവരാണ്. നിങ്ങൾ നിൽക്കുന്ന സ്ഥലം വിശുദ്ധമാണെന്നറിയിച്ചുകൊണ്ട് അവരുടെ പാദരക്ഷകൾ അഴിച്ചുമാറ്റുവാൻ ആവശ്യപ്പെടുകയുണ്ടായി. (പുറ. 3:2-5; ജോഷ്വ 5:13-15)

5. ഇരുവരും യുദ്ധത്തിനിടയിലെ ഒരു നിർണ്ണായകഘട്ടത്തിൽ ദൈവത്തിന്റെ നിർദ്ദേശം നടപ്പാക്കുകയുണ്ടായി. (പുറ. 17:8-16; ജോഷ്വ 8:26)

6. ഉടമ്പടി സംബന്ധിച്ച ആഘോഷവേളയിൽ രണ്ടുപേരും കർത്താവിനായി ബലിപീഠം പണിതു (പുറ. 24:4; ജോഷ്വ 8:30)

7. ഇസ്രായേലിന്റെ ചരിത്രത്തിലെ അതിപ്രധാനങ്ങളായ സംഭവങ്ങളുടെ ഓർമ്മയ്ക്കായി ഇരുവരും കർത്താവിന്റെ കൽപ്പനയനുസരിച്ച് 12 സ്മാരകശിലകൾ സ്ഥാപിച്ചു. (പുറ. 27:4; ജോഷ്വ 4:3-9)

8. ഇരുവരും മരണവേളയിൽ വിടവാങ്ങൽ പ്രസംഗം നടത്തുന്നുണ്ട്. (നിയ 31:32; ജോഷ്വ 23-24)